>> യാത്ര

● ടി.കെ ഇബ്‌റാഹീം ടൊറണ്ടോ

# ശൈഖ് റാശിദുൽ ഗനൂശിയുടെ ഭാരത പര്യടനവും വിപ്ലവാത്മക നവോത്ഥാനചിന്തകളും

**ആധുനികയുഗത്തിലെ** തലമുതിർന്ന മിക്ക മുസ്‌ലിം ചിന്തകന്മാരും പണ്ഡിതന്മാരും ഇസ്‌ലാമിക പ്രസ്ഥാന നേതാക്കളും കേരളം സന്ദർശിച്ചിട്ടുണ്ട്. ശൈഖ് യൂസുഫുൽ ഖറദാവി, പ്രസിദ്ധ ചിന്തകനും എഴുത്തുകാരനുമായ ഡോ. മുറാദ് ഹോഫ്മൻ, വാഷിംഗ്ടണിലെ ജോർജ് ടൗൺ യൂനിവേഴ്‌സിറ്റിയിലെ ഇസ്‌ലാമിക് സ്റ്റഡീസ് പ്രഫസറായ ജോൺ എൽ എസ്പോസിറ്റോ (ഇദ്ദേഹത്തിന്റെ ഒടുവിലത്തെ ഗ്രന്ഥം Who Speaks for Muslims അമേരിക്കയുടെ മുസ്‌ലിംവിരുദ്ധ വിദേശനയത്തെ കഠിനമായി വിമർശിക്കുകയും ബുഷിന് വലിയ തലവേദന ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്), അമേരിക്കയിലെ ബ്ലാക്ക് മുസ്‌ലിം നേതാക്കളിലൊരാളും പ്രസിദ്ധ ഇംഗ്ലീഷ് വാഗ്മിയുമായ സിറാജ് വഹ്ഹാജ് എന്നിവരുടെ കേരള പര്യടനങ്ങൾക്കു പിന്നിൽ ഈ ലേഖകന്റെ എളിയ ശ്രമങ്ങളുണ്ടായിരുന്നു. ഒടുവിൽ പറഞ്ഞ രണ്ടു പേരും ജമാഅത്തെ ഇസ്‌ലാമി കേരള (ഹിറാ)സമ്മേളനം പ്രമാണിച്ചാണ് കേരളത്തിൽ വന്നത്.

ഉയർന്ന ഇസ്‌ലാമിക ചിന്തകന്മാരുടെ മുൻ നിരയിൽ നിൽക്കുന്ന ശൈഖ് റാശിദുൽ ഗനൂശിയെ ശാന്തപുരം അൽ ജാമിഅ അൽ ഇസ്‌ലാമിയ്യയുടെ ബിരുദദാന സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുപ്പിക്കാൻ തീരുമാനമായപ്പോൾ അൽജാമിഅ വൈസ് ചാൻസലർ ഡോ. അബ്ദുസ്സലാം വാണിയമ്പലം ശൈഖ് ഗനൂശിയെ കേരളത്തിലെത്തിക്കുന്ന ചുമതല എന്നെ ഏൽപിക്കുകയായിരുന്നു. കേരളത്തിലായിരുന്ന ഈ ലേഖകൻ ഉടനെ ശൈഖുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ പ്രാഥമികാനുമതി നേടി. അദ്ദേഹം ഇതിനു മുമ്പ് പലവട്ടം ഇന്ത്യ സന്ദർശിക്കാൻ ഒരുങ്ങിയതാണ്. അപ്പോഴൊക്കെ വിസ സംബന്ധമായ പ്രശ്നങ്ങളാൽ നടക്കാതെ പോയി. ഇക്കുറിയും വിസക്കപേക്ഷിച്ചു; പഴയ അനുഭവം ആവർത്തിക്കുമോ എന്ന ആശങ്കയിൽ.



**സ്വേഛാധിപതികൾ വിപ്ലവകാരികൾക്ക് ജന്മം കൊടുക്കുന്നു. തുർക്കിയെ പൂർണമായി അനിസ്‌ലാമികവത്കരിച്ച കമാൽ അത്താതുർക്കിന്റെ ചുവടൊപ്പിച്ച് തുനീഷ്യയെ മതനിരപേക്ഷവും അനിസ്‌ലാമികവുമാക്കാൻ ശ്രമിച്ച സ്വേഛാധിപതി ബുർഗീബയാണ് ഗനൂശിയിലെ വിപ്ലവകാരിയെ വളർത്തിയത്.**

ആഴ്ചകൾ കടന്നുപോയി. ഫെബ്രുവരി പത്തിനോ മറ്റോ അബ്ദുസ്സലാം സാഹിബ് ടൊറണ്ടോയിൽ എന്നെ ഫോണിൽ വിളിച്ച് വിസ കിട്ടിയ സന്തോഷവാർത്ത അറിയിച്ചു. ഒരു നീണ്ട യാത്ര കഴിഞ്ഞ് തിരിച്ചുവന്ന എനിക്ക് ഉടനെ മറ്റൊരു ദീർഘയാത്ര ക്ലേശകരമായിരുന്നു. പക്ഷേ ശൈഖ് ഗനൂശിയുടെ ഇന്ത്യൻ പര്യടനമെന്ന ചിരകാലാഭിലാഷം സഫലമായതിന്റെ ആവേശത്തിൽ ക്ലേശങ്ങളൊക്കെ പറന്നുപോയി. ഇന്ത്യൻ പര്യടനം ശൈഖ് ഗനൂശിയുടെയും അഭിലാഷമായിരുന്നു. മിക്കവാറും രാജ്യങ്ങൾ -പാകിസ്താനും ബംഗ്ലാദേശും സിലോണുമടക്കം- ചുറ്റിക്കറങ്ങിയ (ചിലേടത്ത് പല പ്രാവശ്യം) അദ്ദേഹത്തിന് ഇന്ത്യാ സന്ദർശനം ഒരു മധുരസ്വപ്നമായിരുന്നു. ഞാനദ്ദേഹത്തെ വിളിച്ചു പറഞ്ഞു: 'പല പരാജിത ശ്രമങ്ങൾക്ക് ശേഷം ഇപ്പോഴിതാ അല്ലാഹു നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. യാത്രക്ക് തയാറായിക്കൊള്ളുക.' പുറപ്പെടുന്നത് മുതൽ ലണ്ടനിൽ തിരിച്ചെത്തും വരെ ഞാൻ അദ്ദേഹത്തിന്റെ കൂടെയുണ്ടാകുമെന്ന് അറിയിക്കുകയും ചെയ്തു. പ്രായത്തിന്റെ ആസ്കൃതകളുള്ള ശൈഖ് ഗനൂശിക്ക് ഈ ലേഖകൻ സഹയാത്രികനായി ഉണ്ടായിരിക്കുമെന്ന അറിയിപ്പ് വലിയ ആശ്വാസമായി.

ഫ്ളൈറ്റ് റിസർവേഷനുള്ള ശ്രമമാരംഭിച്ചു. അതിന്റെ ചുമതല മുഴുവൻ ഞാൻ ഏറ്റെടുത്തു. സംഗതി അത്ര എളുപ്പമായിരുന്നില്ല. എല്ലാം ടൊറണ്ടോയിൽനിന്ന് ചെയ്തുകൊള്ളാമെന്ന് അബ്ദുസ്സലാം സാഹിബിനെ അറിയിച്ചു.

**കനഡയിലെ കാൽഗറി നഗരത്തിലെ ഒരു ഇമാം മിമ്പറിൽ കയറി സദ്ദാമിനെ പുകഴ്ത്തുക മാത്രമല്ല നിർബാധം ജിഹാദ് വിളിയും നടത്തി. ശരീരം കാൽഗറിയിലാണെങ്കിലും ആ ഇമാം ഇറാഖിൽ ജീവിക്കുകയായിരുന്നു. ഇത്തരം ഇമാമുകളെയും ഖത്തീബുമാരെയും പാശ്ചാത്യ രാജ്യങ്ങളിൽ ധാരാളം കാണാം. ഡെമോക്രസിയുടെ തുറന്ന കവാടത്തിലൂടെ അവിടങ്ങളിൽ കയറിക്കൂടിയ ഇവർ മുസ്‌ലിംനാടുകളിലെ ഡിക്റ്റേറ്റർമാരെ ആശിർവദിക്കുകയാണ്, അറിഞ്ഞോ അറിയാതെയോ. ഇത്തരക്കാർ പാശ്ചാത്യ രാജ്യങ്ങളിലെ ഇസ്‌ലാമിക പ്രബോധനത്തിന് വരുത്തിവെക്കുന്ന വിന ചില്ലറയല്ല.**

യാത്ര ക്രമീകരിക്കുന്നതിൽ ഫ്ളൈറ്റുകളുടെ ലഭ്യത പ്രശ്നമായി. ഒടുവിൽ ഖത്തർ എയർവേയ്സിൽ ടിക്കറ്റ് റിസർവ് ചെയ്തു. അതനുസരിച്ച് ഇംഗ്ലണ്ടിൽനിന്ന് ദോഹയിലെത്തിയാൽ 12 മണിക്കൂർ കഴിഞ്ഞേ കൊച്ചിയിലേക്ക് അവരുടെ ഫ്ളൈറ്റുള്ളൂ. അത്രയും സമയം എയർപോർട്ടിൽ മുഷിഞ്ഞു കഴിയേണ്ടതില്ലെന്നും ശൈഖ് ഖറദാവിയുമായി കൂടിക്കാഴ്ച, കേരളത്തിൽനിന്നുള്ള ജമാഅത്ത് പ്രവർത്തകരുടെ പരിപാടി എന്നിതുകളുമായി കഴിച്ചുകൂട്ടാമെന്നും ഞാനറിയിച്ചപ്പോൾ അദ്ദേഹത്തിന് ഒരുവിധം സമാധാനമായി.

ലണ്ടനിൽ ചെന്ന് അദ്ദേഹത്തെ കൂട്ടി കേരളത്തിലേക്ക് പുറപ്പെടാമെന്ന എന്റെ വാഗ്ദാനവും പ്രശ്നമായി. ചെലവ് ചുരുക്കാൻ യാത്ര മുഴുവൻ ഒരേ ഫ്ളൈറ്റിലാക്കാൻ ഞാൻ തീരുമാനിച്ചു. ചാർജ് അൽപം കുറഞ്ഞ ഖത്തർ എയർവേയ്സിൽ അദ്ദേഹത്തിന് ലണ്ടനിൽനിന്ന് കൊച്ചിവരെയും തിരിച്ചും റിസർവ് ചെയ്തു. എനിക്കാകട്ടെ വാഷിംഗ്ടൺ-ദോഹ ഫ്ളൈറ്റിൽ പോകണം. ടൊറണ്ടോവിൽനിന്നോ ന്യൂയോർക്കിൽനിന്നോ വാഷിംഗ്ടണിൽനിന്നോ ഖത്തർ എയർവേയ്സ് ലണ്ടനിലേക്ക് പറക്കുന്നില്ല. ഒരു പരിഹാരമേയുള്ളൂ. ശൈഖ് ദോഹയിലെത്തുക. ഞാൻ അവിടെ വെച്ച് അദ്ദേഹത്തോടൊപ്പം ചേരുക. അദ്ദേഹമത് അംഗീകരിച്ചു.

ശൈഖ് ഗനൂശിയെ ദോഹ എയർപോർട്ടിൽ സ്വീകരിക്കാനും ദോഹയിലെ പരിപാടികൾ ആസൂത്രണം ചെയ്യാനുമായി ഞാൻ അഞ്ചു ദിവസം മുമ്പേ പുറപ്പെട്ടു. ടൊറണ്ടോവിൽനിന്ന് ഇന്ത്യൻ വിസ കിട്ടാൻ കൂടുതൽ ദിവസം എടുക്കും. ദോഹയിലെ എംബസിയിൽനിന്ന് ഒരു ദിവസം കൊണ്ട് വിസ സംഘടിപ്പിക്കാം. ഈ സൗകര്യം കണക്കിലെടുത്തുകൊണ്ടുകൂടിയായിരുന്നു ഞാൻ നേരത്തേ പുറപ്പെട്ടത്.

ശൈഖ് ഗനൂശിക്ക് ഖത്തറിലിറങ്ങാനും വിസ വേണ്ടിയിരുന്നു. കാരണം അദ്ദേഹത്തിന് ബ്രിട്ടീഷ് പാസ്പോർട്ടുണ്ടായിരുന്നില്ല. പ്രൈവറ്റ് സെക്രട്ടറി ത്വയ്യിബിന് ബ്രിട്ടീഷ് പാസ്പോർട്ടുള്ളതുകൊണ്ട് വിസ വേണ്ടിയിരുന്നില്ല. ഇരുവരും തുനീഷ്യക്കാരാണ്. പക്ഷേ, തുനീഷ്യൻ മർദക ഭരണകൂടം അവർക്ക് നിഷേധിച്ചത് പാസ്പോർട്ട് മാത്രമല്ല, ജീവിക്കാനുള്ള അവകാശം കൂടിയാണ്. അവർ തുനിഷ്യയിലേക്ക് മടങ്ങിയാൽ അവരെ കാത്തിരിക്കുന്നത് ജയിലറകളാണ്.

നിരന്തരം യാത്ര ചെയ്യുന്ന ഗനൂശി യാത്ര സുഗമവും സുഖകരവുമാക്കാൻ എന്തുകൊണ്ട് പാസ്പോർട്ട് എടുക്കുന്നില്ല? ചോദിച്ചപ്പോൾ ശൈഖിന്റെ മറുപടി ക്ഷമാപണസ്വരത്തിലായിരുന്നു. എയർപോർട്ടുകളിൽ പ്രശ്നമുണ്ടാവുമ്പോൾ എപ്പോഴും ചിന്തിക്കും ബ്രിട്ടീഷ് പാസ്പോർട്ടെടുക്കാൻ. പിന്നെ അതങ്ങനെ അലസമായി വിടും. ഇതുകൊണ്ടുണ്ടാവുന്ന വിഷമം അദ്ദേഹത്തിനു മാത്രമല്ല, അദ്ദേഹത്തെ ക്ഷണിക്കുന്ന ആതിഥേയർക്കുമാണ്. ഒരുപാട് ശ്രമങ്ങൾക്ക് ശേഷവും അദ്ദേഹത്തിന് ഇന്ത്യയിൽ വരാൻ സാധിക്കാതിരുന്നത് ഇക്കാരണം കൊണ്ടായിരുന്നു. ബ്രിട്ടീഷ് പാസ്പോർട്ടുണ്ടായിരുന്നെങ്കിൽ ഇന്ത്യ സന്ദർശിക്കാൻ നേരത്തേ നടത്തിയ ശ്രമങ്ങൾ പരാജയപ്പെടുമായിരുന്നില്ല.

അദ്ദേഹത്തിന്റെ കൈവശമുള്ളത് ബ്രിട്ടീഷ് അഭയാർഥി രേഖയാണ്- അഥവാ റഫ്യൂജി സ്റ്റാറ്റസ്. അത്തരം ഡോക്യുമെന്റുമായി നിർബാധം യാത്ര ചെയ്യാൻ സാധിക്കില്ല. ഗൾഫ്നാടുകളിലടക്കം മുൻകൂട്ടി വിസ വാങ്ങണം. ഈ പ്രശ്നങ്ങൾ മുമ്പിൽ വെച്ച് ഞാനദ്ദേഹത്തെ നിർബന്ധിച്ചു, ലണ്ടനിലെത്തി ബ്രിട്ടീഷ് പാസ്പോർട്ട് എടുക്കാൻ. അക്കാര്യം ഉടനെ ചെയ്തുതീർക്കാൻ ത്വയ്യിബിനോടും ആവശ്യപ്പെട്ടു. അവരിരുവരും സമ്മതിച്ചു.

ആനുഷംഗികമായ മറ്റൊരു കാര്യം ഇവിടെ പരാമർശിക്കട്ടെ. തുനീഷ്യൻ ഗവൺമെന്റ് അദ്ദേഹത്തെ ഇന്റർപോളിന്റെ ലിസ്റ്റിൽ കൊടുത്തിട്ടുണ്ട്. അഥവാ ലോകത്തെവിടെ വെച്ചും അന്താരാഷ്ട്ര പോലീസിന് അദ്ദേഹത്തെ പിടിച്ച് തടവിൽ വെക്കാം. പക്ഷേ ഫലത്തിൽ ഇതദ്ദേഹത്തെ വിഷമിപ്പിക്കുന്നില്ല. ഒരു പ്രാവശ്യം ബൈറൂത്ത് എയർപോർട്ടിൽ മണിക്കൂറുകളോളം തടഞ്ഞുനിർത്തി ചോദ്യം ചെയ്തുവത്രെ. പിന്നെ വിട്ടയക്കുകയും ചെയ്തു. തുനീഷ്യൻ ഗവൺമെന്റ് അദ്ദേഹത്തിനെതിരിൽ ചുമത്തിയ ചാർജ്ഷീറ്റിൽ- ഭരണകൂടത്തെ അട്ടിമറിക്കാനുള്ള ശ്രമം- മറ്റു ഗവൺമെന്റുകൾക്ക് വലിയ വിശ്വാസമില്ലായിരിക്കാം. അതുകൊണ്ടാണ് മറ്റു രാഷ്ട്രങ്ങൾ അദ്ദേഹത്തെ കുറ്റവാളിയായി കാണാത്തതും പ്രവേശനാനുമതി നിഷേധിക്കാത്തതും. ബ്രിട്ടീഷ് പാസ്പോർട്ട് എടുക്കുകയാണ് ഇവിടെയും പരിഹാരം. കാരണം ബ്രിട്ടീഷ് പാസ്പോർട്ടുകാരന് സാധാരണ നിലയിൽ ഇത്തരം വിസാ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരാറില്ല.

## വിമാനത്താവളങ്ങളിൽ നമസ്കാരപ്പള്ളി

ഈ ലേഖകൻ ഫെബ്രുവരി 17-ന് ടൊറണ്ടോയിൽനിന്ന് പുറപ്പെട്ടു. ടൊറണ്ടോ-വാഷിംഗ്ടൺ ഫ്ളൈറ്റ് ഒന്നര മണിക്കൂറേ എടുക്കൂ. ഖത്തർ എയർവേയ്സുമായി കൊലാബറേഷനുള്ള യുനൈറ്റഡ് എയർലൈൻസിൽതന്നെ പോവണം ചാർജ് കുറഞ്ഞുകിട്ടാൻ. അതാവട്ടെ രാവിലെ ആറരക്കും. എട്ടുമണിക്ക് വാഷിംഗ്ടണിലെത്തി വൈകുന്നേരം പത്തര മണി വരെ (അപ്പോഴാണ് ഖത്തർ എയർവേയ്സ് പുറപ്പെടുന്നത്) എയർപോർട്ടിൽ കാത്തിരിക്കണം. 14-ഓളം മണിക്കൂർ മുഷിഞ്ഞിരിക്കുകയല്ലാതെ ഗത്യന്തരമില്ല.

നമസ്കാര സമയമായപ്പോൾ ചാപ്പൽ (പ്രാർഥനാ സ്ഥലം) അന്വേഷിച്ചു. എയർപോർട്ടുകളിലും ആശുപത്രികളിലും അത് ഉണ്ടാവാറുണ്ട്. മെഡിറ്റേഷൻ റൂം എന്നും പറയും. അവിടെ എല്ലാ മതസ്ഥർക്കും പ്രാർഥന നടത്താം. ടൊറണ്ടോവിലും ന്യൂയോർക്കിലും അവ കണ്ടിട്ടുണ്ട്. അവിടെ നമസ്കരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, വാഷിംഗ്ടണിലെ ടെർമിനലിൽ അതില്ല. യാത്രക്കാർക്കിടയിൽ ഒരു മൂലയിൽ ജാക്കറ്റ് വിരിച്ച് നമസ്കരിച്ചു. ഫണ്ടമെന്റലിസ്റ്റോ ടെററിസ്റ്റോ ആയി കരുതുകയില്ലേ ചില കാണികളെങ്കിലും. കരുതിയേക്കാം, പക്ഷേ ഇപ്പോൾ യൂറോപ്പിലെയും അമേരിക്കയിലെയും എയർപോർട്ടുകളിൽ പൊതുപ്രതിഭാസമാണ്, ചാപ്പലോ മെഡിറ്റേഷൻ റൂമോ കണ്ടില്ലെങ്കിൽ മുസ്‌ലിംകൾ തുറന്ന സ്ഥ

ലത്ത് വെച്ചുതന്നെ നമസ്കരിക്കുന്നത്. പൊതുവെ ആദര ദൃഷ്ടിയോടെയാണ് അത് വീക്ഷിക്കപ്പെടാറ്. മതഭക്തരെ- അവരേതായാലും- ആളുകൾ ബഹുമാനിക്കുന്നു. ഇപ്പോൾ ഫാക്ടറികളിലും കാമ്പസുകളിലും ഓഫീസുകളിലുമൊക്കെ മുസ്‌ലിംകൾക്ക് പ്രാർഥനക്കായി പ്രത്യേകം സ്ഥലങ്ങൾ നീക്കിവെക്കുന്നുണ്ട്. മുസ്‌ലിംകൾക്കല്ലേ ദിനേന അഞ്ചുനേരം നമസ്കരിക്കേണ്ടതുള്ളൂ. ബുഷിന്റെ ഭീകരതാവിരുദ്ധ യുദ്ധ നയവും സാർവത്രികമായ സുരക്ഷാ നടപടികളുമൊന്നും ഇക്കാര്യത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. 'രാഷ്ട്രീയ ഇസ്‌ലാമി'നോടാണത്രെ അങ്ങേരുടെ പടപ്പുറപ്പാട്.

ഖത്തർ എയർവേയ്സിന്റെ ഡിപ്പാർച്ചർ ലോഞ്ച് മറ്റൊരു ടെർമിനലിലാണ്. വൈകുന്നേരം അങ്ങോട്ടുനീങ്ങി. അവിടെ നല്ലൊരു ചാപ്പലുണ്ട്. അതിൽ കടന്നു ചെന്നപ്പോൾ അതിന്റെ ഒരു ഭാഗം മുസ്‌ലിംകൾ സ്വന്തമാക്കിയതായാണ് കണ്ടത്. ഖിബ്‌ല അടയാളപ്പെടുത്തുക മാത്രമല്ല ധാരാളം നമസ്കാര പടങ്ങൾ, മുസ്ഹഫുകൾ, ഖുർആൻ പരിഭാഷകൾ, ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന ലഘുലേഖകൾ. ബഹുസ്വര സമൂഹത്തിന്റെ ഉത്തമമാതൃക (ശൈഖ് ഗനൂശിയുടെ ഹൃദ്യവിഷയം). ഏതാനും മുസ്‌ലിംകൾ ഒറ്റയും തെറ്റയുമായി നമസ്കരിച്ചു തിരിച്ചുപോയി. അവർ എയർപോർട്ട് ജോലിക്കാരായിരുന്നു. പിന്നെ സ്ഥലം എനിക്ക് സ്വന്തമായി കിട്ടി. പുറത്തെ വിമാനങ്ങളുടെ ആക്രോശങ്ങളോ യാത്രക്കാരുടെ ആരവങ്ങളോ അറിയാതെ നിശ്ശബ്ദതയിൽ, ഏകാന്തതയിൽ പൂർണ മനസ്സാന്നിധ്യത്തോടെ നമസ്കരിച്ചു. നമസ്കാരം കഴിഞ്ഞ് പ്രവേശന കവാടത്തിൽ ഒരു സ്റ്റാന്റിൽ വെച്ചിരിക്കുന്ന വിസിറ്റേഴ്സ് ബുക്കിലൂടെ കണ്ണോടിച്ചു. വ്യത്യസ്ത മതസ്ഥർ അതിൽ എഴുതിവെച്ച നന്ദിവാക്കുകളും ആശംസാവചനങ്ങളും വായിച്ചു. കൂട്ടത്തിൽ ഒരു മുസ്‌ലിമിന്റെ നിരൂപണവും- അതെന്നെ ഒരേയവസരം വ്യാകുലനും കോപാകുലനുമാക്കി. ആ മുസ്‌ലിം ഏതു ലോകത്താണ് ജീവിക്കുന്നതെന്ന് ചിന്തിച്ചുപോയി. അത്തരക്കാരല്ലേ ഇസ്‌ലാമിന് ദുഷ്പേര് വരുത്തിത്തീർക്കുന്നത്. അദ്ദേഹം എഴുതിവെച്ചതെന്താണെന്നോ? ചാപ്പലിനുള്ളിൽ വുദൂ എടുക്കാൻ സ്ഥലമില്ലത്രെ! അതിലദ്ദേഹം നിരാശനാണ്. മുസ്‌ലിംകൾക്ക് നമസ്കാരത്തിന് ഇത്രയും സൗകര്യങ്ങൾ ചെയ്തുകൊടുത്ത ചാപ്പൽ മാനേജ്മെന്റിനെ ശ്ലാഘിക്കുന്നതിനു പകരം അതിനുള്ളിൽ തന്നെ വുദൂ എടുക്കുന്നതിന് സൗകര്യമില്ലാത്തതിലാണ് ചങ്ങാതിയുടെ ആവലാതി. പത്തിരുപത് മീറ്ററകലെ പബ്ലിക് ബാത്ത്റൂമുണ്ടെന്ന് കൂടി ഓർക്കണം. ചാപ്പലാകട്ടെ 26x26 ഫീറ്റ് മാത്രം വിസ്താരമുള്ള ഒരു മുറിയാണ്. അതിന്റെ മൂല കുത്തിപ്പൊളിച്ച് വേണം ഇതിനുള്ള സൗകര്യം ചെയ്യാൻ. അടുത്ത് നിർമാണം പൂർത്തിയായ മനോഹരമായ ടെർമിനലാണത്. നമ്മുടെ കഥാപുരുഷന്റെ ബുദ്ധി എങ്ങോട്ടു പോയി എന്നൊരു പിടിയും കിട്ടിയില്ല. സാധാരണ നിലക്ക് 'അവനെ കിട്ടിയാൽ കരണത്തൊന്ന് വെച്ചുകൊടുക്കണം' എന്നായിരിക്കും ആളുകൾ പ്രതികരിക്കുക. അത്രത്തോളം പോയില്ലെങ്കിലും അദ്ദേഹത്തെ കണ്ടാൽ 'ഹബീബേ! നിങ്ങളേത് ലോകത്താണ് ജീവിക്കുന്നത്' എന്നു ചോദിക്കാൻ ഞാൻ വെമ്പി. ഒരു പ്രബോധകന്റെ ഉത്കൃഷ്ട ഗുണങ്ങളിൽനിന്ന് സ്വൽപം വ്യതിചലിച്ചെങ്കിലും, മുസ്‌ലിംകളിൽ ഇത്തരം 'വുദൂകാര്യ പ്രസക്തൻ'മാർ മാത്രമല്ല ഉള്ളതെന്ന് ചാപ്പൽ അതോറിറ്റികൾ മനസ്സിലാക്കാൻ ഞാനൽപം വാചകങ്ങൾ വിസിറ്റേഴ്സ് ബുക്കിൽ കുറിച്ചു: "ബഹുസ്വര സമൂഹ ജീവിതത്തിന്റെ ഉത്തമ മാതൃകയാണ് നിങ്ങൾ കാഴ്ചവെക്കുന്നത്; നിങ്ങൾക്ക് നന്ദിയും ആശംസകളുമറിയിക്കുന്നു." എന്റെ ഇമെയിൽ വിലാസവും കുറിച്ചുവെച്ചു.

ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. യൂറോപ്പിലും അമേരിക്കയിലും കനഡയിലുമൊക്കെ ഇയാളെപ്പോലെ പതിനായിരക്കണക്കിൽ 'വുദൂപ്രസക്തന്മാർ' ജീവിക്കുന്നു. അവരുടെ ശരീരം അവിടെയും ബുദ്ധിയും മനസ്സും ഹൃദയവും മറ്റേതോ ലോകത്തുമാണ്- സോമാലിയയിലോ ഐെരിത്രിയയിലോ ഈജിപ്തിലോ മൊറോക്കോയിലോ ടാൻസാനിയയിലോ മറ്റോ. അവർ അഭയാർഥികളും ജോലിക്കാരും കുടിയേറ്റക്കാരുമായി ബ്രിട്ടനിലേക്കും കനഡയിലേക്കും അമേരിക്കയിലേക്കും വരുമ്പോൾ തങ്ങളുടെ മാതൃരാജ്യങ്ങളിലെ എല്ലാ മാറാപ്പും പേറിയാണ് വരുന്നത്. അവരെയൊക്കെ അങ്ങനെതന്നെ സ്വീകരിക്കാനും ജോലി, വിദ്യാഭ്യാസം, ചികിത്സ തുടങ്ങി എല്ലാ സൗകര്യങ്ങളും സൗജന്യമായി ചെയ്തുകൊടുക്കാനും, വിശിഷ്യാ അവരുടെ ആഗമനത്തിന്റെ ആദ്യഘട്ടത്തിൽ പാശ്ചാത്യ രാഷ്ട്രങ്ങളും ജനതകളും കാണിച്ച ഉദാരത പാശ്ചാത്യ ഡെമോക്രസിയുടെ ഗുണഫലങ്ങളിലൊന്നാണ് (അതിന്റെ ദോഷവശങ്ങൾ തൽക്കാലം വിസ്മരിക്കാം). പക്ഷേ അവിടെ കൂപമണ്ഡൂകങ്ങളായി ജീവിക്കുന്ന ലക്ഷക്കണക്കിൽ മുസ്‌ലിംകൾക്ക് തങ്ങളുടെ അവകാശങ്ങളെക്കുറിച്ചല്ലാതെ ബാധ്യതകളെക്കുറിച്ച് ബോധമില്ല.

സദ്ദാം ഹുസൈൻ കുവൈത്തിൽ അടിച്ചുകയറിയപ്പോൾ അദ്ദേഹത്തെ സ്വലാഹുദ്ദീൻ അയ്യൂബിയുടെ സ്ഥാനത്തേക്കുയർത്താൻ ശ്രമിച്ച മുസ്‌ലിംകൾ മറ്റിടങ്ങളിലെപ്പോലെ പാശ്ചാത്യ രാജ്യങ്ങളിലുമുണ്ട്. കനഡയിലെ കാൽഗറി നഗരത്തിലെ ഒരു ഇമാം മിമ്പറിൽ കയറി സദ്ദാമിനെ പുകഴ്ത്തുക മാത്രമല്ല നിർബാധം ജിഹാദ് വിളിയും നടത്തി. ശരീരം കാൽഗറിയിലാണെങ്കിലും ആ ഇമാം ഇറാഖിൽ ജീവിക്കുകയായിരുന്നു. ഇത്തരം ഇമാമുകളെയും ഖത്തീബുമാരെയും പാശ്ചാത്യ രാജ്യങ്ങളിൽ ധാരാളം കാണാം. ഡെമോക്രസിയുടെ തുറന്ന കവാടത്തിലൂടെ അവിടങ്ങളിൽ കയറിക്കൂടിയ ഇവർ മുസ്‌ലിംനാടുകളിലെ ഡിക്റ്റേറ്റർമാരെ ആശിർവദിക്കുകയാണ്, അറിഞ്ഞോ അറിയാതെയോ. ഇത്തരക്കാർ പാശ്ചാത്യ രാജ്യങ്ങളിലെ ഇസ്‌ലാമിക പ്രബോധനത്തിന് വരുത്തിവെക്കുന്ന വിന ചില്ലറയല്ല.

ബുഷിന്റെ ഭീകരതാവിരുദ്ധ യുദ്ധ- രാജ്യരക്ഷാ നടപടികളേക്കാൾ വലിയ കീറാമുട്ടികളാണ് ഇക്കൂട്ടർ ഇസ്‌ലാമിക പ്രബോധന സംരംഭങ്ങൾക്ക് മുമ്പിൽ വലിച്ചിടുന്നത്. അത്തരക്കാരെ ആട്ടിയോടിക്കാൻ പാശ്ചാത്യ രാജ്യങ്ങളിൽ നിയമങ്ങളില്ല എന്നതാണ് വാസ്തവം. ഒരാള വിടെ -മുസ്‌ലിമായാലും- പ്രവേശിച്ചുകഴിഞ്ഞാൽ പുറത്താക്കുക പ്രയാസകരമാണ്. അഥവാ വല്ല ഗവൺമെന്റ് അതോറിറ്റികളും അതിന് ശ്രമിച്ചാൽതന്നെ പ്രതിക്ക് കോടതികളെ സമീപിച്ച് അവകാശങ്ങൾ നേടിയെടുക്കാം (കനഡയെ പിടിച്ചുകുലുക്കിയ മാഹിർ അറാർ സംഭവം ഓർക്കുക). എത്ര മുസ്‌ലിം രാഷ്ട്രങ്ങളിൽ ഇത് സാധ്യമാണ്? പാശ്ചാത്യ ഡെമോക്രസിയെ ഒറ്റയടിക്ക് തള്ളിപ്പറയുന്നവർ മനസ്സിലാക്കേണ്ട വസ്തുതയാണിത്- വിശിഷ്യാ ഇസ്‌ലാമിസ്റ്റുകൾ. ശൈഖ് ഗനൂശി തന്റെ പ്രസംഗങ്ങളിൽ ഈ വിഷയം ഊന്നിപ്പറഞ്ഞതായി കാണാം.

## ഗനൂശി എന്ന വിപ്ലവകാരി

സുസ്മേരവദനം, ശാന്തസുന്ദരമായ മുഖഭാവം, ലളിത തുനീഷ്യൻ വേഷം, വിനയം തുളുമ്പുന്ന നടത്തം, ചിന്ത

സ്ഫുരിക്കുന്ന നോട്ടം, അദ്ദേഹം തന്റെ ഉള്ളിൽ ഒരു വിപ്ലവകാരിയെ അടക്കിപ്പിടിച്ചത് ആർക്കും പെട്ടെന്ന് മനസ്സിലാവില്ല. അത് മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ അൽപം അറിയണം.

സ്വേഛാധിപതികൾ വിപ്ലവകാരികൾക്ക് ജന്മം കൊടുക്കുന്നു. തുർക്കിയെ പൂർണമായി അനിസ്‌ലാമികവത്കരിച്ച കമാൽ അത്താതുർക്കിന്റെ ചുവടൊപ്പിച്ച് തുനീഷ്യയെ മതനിരപേക്ഷവും അനിസ്‌ലാമികവുമാക്കാൻ ശ്രമിച്ച സ്വേഛാധിപതി ബുർഗീബയാണ് ഗനൂശിയിലെ വിപ്ലവകാരിയെ വളർത്തിയത്. 1960-കളിൽ ഗനൂശി തുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് വിത്തുപാകി. സ്വേഛാധിപതിയുടെ കഴുകക്കണ്ണുകൾ അദ്ദേഹത്തെ തേടിപ്പിടിച്ച് ജയിലിലടച്ചു- അഞ്ചു വർഷത്തോളം. ആദ്യത്തെ ആറു മാസം പ്രത്യേക സെല്ലിലായിരുന്നു. അടുത്ത സെല്ലുകളിൽ സഹപ്രവർത്തകർ നേരിടുന്ന പീഡനങ്ങളുടെ ശബ്ദമല്ലാതെ ഒന്നും കേൾക്കാനോ അറിയാനോ കഴിഞ്ഞിരുന്നില്ല. ഇരുളിന്റെ ലോകത്ത് പക്ഷേ, അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചു. അദ്ദേഹം ഖുർആൻ മനഃപാഠമാക്കി. ജയിലിന്റെ ബറക്കത്തുകളിൽ ഒന്നായിരുന്നു അതെന്ന് അദ്ദേഹം ഇടക്ക് പറയും. അതിന്നും കാത്തുസൂക്ഷിച്ചുപോരുന്നു.

## പണ്ഡിതൻ, ചിന്തകൻ

ഇന്ന് ജീവിച്ചിരിപ്പുള്ള ഇസ്‌ലാമിക പ്രസ്ഥാന പണ്ഡിതന്മാരിലും ചിന്തകരിലും, യൂസുഫുൽ ഖറദാവിയെക്കഴിച്ചാൽ ഒന്നാമനാണ് ശൈഖ് ഗനൂശി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുകയോ ചിന്തകൾ പഠിക്കുകയോ ചെയ്ത ഒരാളും ഇതിൽ വിയോജിക്കാനിടയില്ല. സുഡാനിലെ ഡോ. ഹസനുത്തുറാബിയെ ഇവിടെ ഉദ്ദേശ്യപൂർവം ഒഴിച്ചുനിർത്തുകയാണ്. ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക നവോത്ഥാന നായകരിൽനിന്ന് ശൈഖ് ഗനൂശിയെ വേർതിരിച്ചുനിർത്തുന്ന മൂന്ന് പ്രത്യേകതകളുണ്ട്. ഒന്ന്, പാശ്ചാത്യ തത്ത്വശാസ്ത്ര-സംസ്കാര-നാഗരികതയുമായി നേരിട്ടുള്ള സമ്പർക്കവും ജീവിതാനുഭവവും. ദീർഘകാലത്തെ യൂറോപ്യൻ ജീവിതാനുഭവങ്ങൾ പാശ്ചാത്യ ദർശനങ്ങളെ ഇസ്‌ലാമിക മൂല്യങ്ങളുമായി താരതമ്യം ചെയ്യാൻ അദ്ദേഹത്തിന് അവസരം നൽകി. വ്യത്യസ്ത പാശ്ചാത്യ ഭാഷകളിലുള്ള പരിജ്ഞാനം അതിന് സഹായകമായി. ഇത് മാലിക് ബിന്നബിയൊഴിച്ച് മറ്റു നവോത്ഥാന നായകർക്ക് ലഭ്യമാവാത്ത ഒരനുഭവമാണ്. എട്ടു




*ദൽഹിയിൽ ജമാഅത്ത് ആസ്ഥാനത്ത് ചേർന്ന സ്വീകരണ യോഗത്തിൽ ഗനൂശി*

വർഷം മുമ്പ് ലണ്ടനിൽ അദ്ദേഹത്തിന്റെ ഓഫീസിൽ ചെന്നു കണ്ട് ഹണ്ടിംഗ്ടന്റെ Clash of Civilisationന്റെയും ഫുക്കുയാമയുടെ End of Historyയുടെയും നേരെയുള്ള മുസ്‌ലിം പ്രതികരണം ആരാഞ്ഞപ്പോൾ, ഹണ്ടിംഗ്ടന്റെ കൃതിയാണ് പഠനമർഹിക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. പാശ്ചാത്യ ചിന്താധാരയുമായുള്ള അദ്ദേഹത്തിന്റെ സമ്പർക്കമാണിത് കുറിക്കുന്നത്, ഒപ്പം ചിന്തയുടെ ആഴവും. പ്രസ്തുത രണ്ട് ഗ്രന്ഥങ്ങളും അമേരിക്കൻ-യൂറോപ്യൻ ബുദ്ധിജീവികളെയും സ്ട്രാറ്റജിസ്റ്റുകളെയും ഏറെ സ്വാധീനിച്ച കൃതികളാണ്.

രണ്ട്, ദീർഘമായ പ്രവാസ ജീവിതാനുഭവങ്ങൾ. തുനീഷ്യൻ ഭരണകൂടം ഗനൂശിയെ ജീവപര്യന്തം നൽകി നാടുകടത്തി. പിന്നെ നീണ്ട പലായന യാത്രയാണ്-അഭയാർഥിയായി, നിസ്സഹായനായി. ഇതിന് മുമ്പുതന്നെ പാശ്ചാത്യ ജീവിതവും സംസ്കാരവും നേരിൽ കണ്ട് പഠിക്കാനുള്ള ആഗ്രഹം അദ്ദേഹത്തിൽ ഉത്കടമായിരുന്നു. തദാവശ്യാർഥം തുർക്കി, ബൾഗേറിയ, യുഗോസ്ലാവ്യ, ജർമനി, ഫ്രാൻസ്, ബൽജിയം, ഓസ്ട്രിയ, ഹോളണ്ട് എന്നീ രാജ്യങ്ങളിൽ ആ ജിജ്ഞാസു ത്യാഗപൂർണമായ യാത്രകൾ ചെയ്തു. ടിക്കറ്റും യാത്രാ ചെലവും ദൈനംദിന ജീവിതാവശ്യങ്ങളും നിർവഹിച്ചത് അവിടങ്ങളിൽ ജോലി ചെയ്തിട്ടായിരുന്നു. ജർമനിയിൽ സെയിൽസ്മാനായി, ഫ്രാൻസിൽ മുന്തിരി പറിക്കാരനായി, ബൽജിയത്തിൽ ഹോട്ടൽ ക്ലീനറായി, ഹോളണ്ടിൽ ആശാരിയായി.....

**ഇന്ന് ജീവിച്ചിരിപ്പുള്ള ഇസ്‌ലാമിക പ്രസ്ഥാന പണ്ഡിതന്മാരിലും ചിന്തകരിലും, യൂസുഫുൽ ഖറദാവിയെക്കഴിച്ചാൽ ഒന്നാമനാണ് ശൈഖ് ഗനൂശി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുകയോ ചിന്തകൾ പഠിക്കുകയോ ചെയ്ത ഒരാളും ഇതിൽ വിയോജിക്കാനിടയില്ല.**

ഒടുവിൽ ബ്രിട്ടൻ റഫ്യൂജി സ്റ്റാറ്റസ് കൊടുത്ത് അദ്ദേഹത്തെ സ്വീകരിച്ചു. 18 വർഷമായി അവിടെ അദ്ദേഹം സ്ഥിരതാമസക്കാരനാണ്. ദീർഘകാല പലായനാനുഭവങ്ങൾ അദ്ദേഹത്തിന്റെ ചിന്തക്ക് മൂർച്ചയും ആഴവും പരപ്പും പ്രദാനം ചെയ്തു. തീക്ഷ്ണമായ ജീവിതാനുഭവങ്ങളുള്ള എഴുത്തുകാരനും ചിന്തകനുമായ ഗനൂശി മറ്റു നവോത്ഥാന നായകരിൽനിന്ന് വ്യതിരിക്തനാവുന്നതും ഇതുകൊണ്ടെല്ലാമാണ്

മൂന്ന്, ജാഹിലീജീവിതവും വ്യത്യസ്ത മുസ്‌ലിംസംഘടനകളിലെ പ്രവർത്തനവും. കേവലം ലിബറലായാണ് ഗനൂശി തന്റെ ധിഷണാജീവിതം ആരംഭിച്ചത്. തന്റെ ഇഷ്ടവിഷയമായിരുന്ന ഫിലോസഫി അദ്ദേഹത്തിൽ സംശയവാദിയെ (agnostic) വളർത്താൻ സഹായിച്ചിരിക്കണം. അല്ലാഹു, പരലോകം, വിധിവിശ്വാസം, എല്ലാം ആ സംശയവാദിയിൽ ചോദ്യചിഹ്നങ്ങളായി ഉയർന്നുനിന്നു. അവയൊക്കെ ചോദ്യം ചെയ്യാൻ പാടില്ലാത്ത പരമ യാഥാർഥ്യങ്ങളായി അംഗീകരിക്കാൻ തന്റെ ധിഷണ അനുവദിച്ചില്ല. ലോകത്തെ ഒന്നാമത്തെ ഇസ്‌ലാമിക യൂനിവേഴ്സിറ്റിയായ സൈത്തൂന യൂനിവേഴ്സിറ്റിയിലെ ഗനൂശിയുടെ ആദ്യകാല അധ്യാപകരോട് അതേകുറിച്ചൊക്കെ അദ്ദേഹം തർക്കിച്ചു.

അറബ് ദേശീയതയിലുള്ള പൂർണ

വിശ്വാസമായിരുന്നു അദ്ദേഹത്തിന്റെ ജാഹിലീജീവിതത്തിന്റെ മറ്റൊരു വശം. അറബ് ലോകത്തിന്റെ പ്രതാപവും യശസ്സും വീണ്ടെടുക്കാൻ അറബ് ദേശീയതക്കേ കഴിയൂ എന്ന് അദ്ദേഹം കരുതി. ജമാൽ അബ്ദുന്നാസിർ അദ്ദേഹത്തിന് പ്രിയങ്കരനായ നേതാവും ആവേശം പകരുന്ന വിപ്ലവകാരിയുമായിരുന്നു. ഇത്തരം ജാഹിലീജീവിതാനുഭവങ്ങളിലൂടെ മറ്റൊരു നവോത്ഥാന നായകനും കടന്നുപോയിട്ടില്ല (ഒരപവാദം, തന്റെ ജാഹിലീകാലത്ത് നഗ്നതയെ പ്രശംസിച്ച സയ്യിദ് ഖുത്ബാണ്. ഹസനുൽ ബന്നാ അദ്ദേഹത്തോട് സൗമ്യമായി പെരുമാറാൻ ഇഖ്‌വാൻകാരെ ഉപദേശിച്ചു. ഫലമോ? ഐതിഹാസികവും).

ദമസ്കസിലെ വിദ്യാർഥി ജീവിതം അദ്ദേഹത്തിൽ നിർണായകമായ മാറ്റങ്ങൾ വരുത്തി. ലിബറലും എഗ്നോസ്റ്റിക്കും ദേശീയവാദിയുമായ ഗനൂശി ഒറ്റയടിക്ക് ദൈവഭക്തനും മുസ്‌ലിമുമായി മാറി. അഥവാ അദ്ദേഹം ഒരു 'നവ മുസ്‌ലി'മായി. ഒരു രാത്രി അനിതര സാധാരണമായ ഒരനുഭൂതി ഉണ്ടായി അദ്ദേഹത്തിന്. അദ്ദേഹം തന്നെ പറയട്ടെ:

"1966 ജൂൺ 15ന് രാത്രി എന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. അന്ന് രണ്ട് കാര്യങ്ങൾ എന്റെ ജീവിതത്തിൽനിന്ന് ഞാൻ അഴിച്ചുവെച്ചു- നിർമത ദേശീയതയും പാരമ്പര്യ ഇസ്‌ലാമും. ഞാൻ വളർന്നുവന്ന ഇസ്‌ലാം യഥാർഥ ഇസ്‌ലാമായിരുന്നില്ല. മുസ്‌ലിം അധഃപതന കാലഘട്ടത്തിന്റെ അവശിഷ്ടങ്ങളുമായി കെട്ടുപിണഞ്ഞ പാരമ്പര്യ ഇസ്‌ലാമായിരുന്നു അത്. പ്രപഞ്ചത്തെയും ജീവിതത്തെയും പറ്റി അതിനൊന്നും പറയാനുണ്ടായിരുന്നില്ല. അതൊരു സമഗ്ര ജീവിത ദർശനമായിരുന്നില്ല. അതുകൊണ്ട് പുതുതായി ഇസ്‌ലാമിൽ പ്രവേശിക്കണമെന്ന് ഞാൻ തീരുമാനിച്ചു." താനൊരു നവമുസ്‌ലിമാണെന്ന് പ്രഖ്യാപിച്ച മൗലാനാ മൗദൂദിയുടെ വിപ്ലവകരമായ പരിവർത്തനത്തിന് സദൃശമായ അനുഭവമായിരുന്നു ശൈഖ് ഗനൂശിയുടേതും.

തുടർന്ന് അദ്ദേഹം വ്യത്യസ്ത മുസ്‌ലിം സംഘടനകളിൽ സജീവ പ്രവർത്തകനായി. ആദ്യം സലഫീ പ്രസ്ഥാനത്തിലാണ് ആകൃഷ്ടനായത്. ശൈഖ് നാസിറുദ്ദീൻ അൽബാനിയുടെ വിശ്വസ്ത ശിഷ്യനായി. ഇമാം ഇബ്നു തൈമിയയുടെ അനുയായിയുമായി. ഇഖ്‌വാനുൽ മുസ്‌ലിമൂൻ സംഘടനയുടെ ക്ഷണം നിരസിച്ച് തബ്‌ലീഗ് ജമാഅത്തിൽ ചേർന്നു. മൂന്നു വർഷത്തോളം തബ്‌ലീഗുമായി ഊരുചുറ്റി... ചുരുക്കത്തിൽ ഇത്തരം വൈവിധ്യമാർന്ന ജീവിതാനുഭവങ്ങൾ മറ്റു ഇസ്‌ലാമിക നവോത്ഥാന നായകർക്കുണ്ടായിട്ടില്ല.

(തുടരും)